1996-2001 കാലത്ത് സ്ഥാപിച്ച ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ ലൈനുകൾ

21 [3160] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, എം. മുരളി:
,, വി. ബാലറാം:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-2001 കാലത്ത് എത്ര ദൂരത്തിൽ ട്രാൻസ്മിഷൻ ലൈനും ഡിസ്ട്രിബ്യൂഷൻ ലൈനും ഇടാമെന്നാണ് ഉദ്ദേശിച്ചത്;

(ബി) ഈ കാലത്ത് യഥാർത്ഥത്തിൽ ഇവ എത്ര വീതമിട്ടു;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1755 സർക്യൂട്ട് കിലോമീറ്റർ ട്രാൻസ്മിഷൻ ലൈനും, 9625 കിലോമീറ്റർ 11 കെ. വി. ലൈനും 33.200 കിലോമീറ്റർ എൽ. ടി. ലൈനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ഈ കാലയളവിൽ 1382.57 സർക്യൂട്ട് കിലോമീറ്റർ ട്രാൻസ്മിഷൻ ലൈനും, 4441 കിലോമിറ്റർ 11 കെ. വി. ലൈനുകളും, 27.537 കിലോമീറ്റർ എൽ. റ്റി. ലൈനുകളും നിർമ്മിച്ചു.

(സി) സാധന സാമഗ്രികളുടെ ദൗർലഭ്യമാണ് കുറവുവരാൻ കാരണം.

1996-2001 കാലത്തെ വൈദ്യുതി ഉല്പാദനം

22[3161] ശ്രീ. ഇ. എം. അഗസ്തി:
,, അടൂർ പ്രകാശ്:
,, എം. മുരളി:
,, കെ. എ. ചന്ദ്രൻ:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-2001 കാലത്ത് വൈദ്യുതി ഉല്പാദനം എത്ര കണ്ട് വർദ്ധിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) അതിൽ ജലവൈദ്യുതിയും താപവൈദ്യുതിയും എത്ര വീതമെന്ന് അറിയിക്കുമോ;

(സി) ഈ കാലത്ത് യഥാർത്ഥത്തിൽ താപ വൈദ്യുതിയുടെയും ജല വൈദ്യുതിയുടെയും ഉല്പാദനം എത്ര കണ്ട് വർദ്ധിച്ചു;

(ഡി) ജലവൈദ്യുതിയുടെ വർദ്ധന പ്രതീക്ഷിച്ചതുപോലെ ഉണ്ടാകാത്തപക്ഷം അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1066.93 മെഗാവാട്ട്.

LIBRARY ARCHIVES Kerala Legislative Assembly